# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/271/2017 2017 ഡിസംബർ 27

## പത്രക്കുറിപ്പ്

**എം.ജി. ബഡ്ജറ്റ് ഇന്ന്**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ 2018-2019 സാമ്പത്തിക വർഷത്തെ ബജറ്റ് ഇന്ന് (ഡിസംബർ 28) രാവിലെ 10.30ന് ചേരുന്ന സിൻഡിക്കേറ്റ് യോഗത്തിൽ അവതരിപ്പിക്കുന്നതാണ്.

**കൗൺസിലിംഗ് അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് കോഴ്സ്**

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംങ് ഡിസെബിലിറ്റീസിന്റെ ആഭിമുഖ്യത്തിൽ 10 ദിവസത്തെ അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കൗൺസിലിംഗ് ജനുവരി 1 മുതൽ ആരംഭിക്കും. താൽപര്യമുള്ള, കൗൺസിലിംഗ് രംഗത്ത് പ്രവർത്തിക്കുന്ന അപേക്ഷകർ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
ഫോൺ: 9946226638.

**പ്രാക്ടിക്കൽ**

2017 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഓഫ് ടൂറിസം സ്റ്റഡീസ് (റഗുലർ/റീ അപ്പിയറൻസ്/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 8, 9, 10 എന്നീ തീയതികളിൽ വിവിധ കോളേജുകളിൽവച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**വൈവാവോസി**

2017 നവംബറിൽ നടത്തിയ പത്താം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി., ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (കോമൺ) ഡിഗ്രി പരീക്ഷകളുടെ, ജനുവരി 9ന് എറണാകുളം ലോ കോളേജിൽ വച്ച് നടത്തുന്ന വൈവാവോസിക്ക് പങ്കെടുക്കുന്ന സപ്ലിമെന്ററി വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഹാജരാകേണ്ടതാണ്.

**പരീക്ഷാഫലം**

2017 ഏപ്രിൽ മാസത്തിൽ അഫിലിയേറ്റഡ് കോളേജുകളിലും സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിനു കീഴിലുള്ള സ്ഥാപനങ്ങളിലും നടത്തിയ മൂന്നാം സെമസ്റ്റർ എം.സി.എ. (റഗുലർ & ലാറ്ററൽ എൻട്രി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 10 വരെ അപേക്ഷിക്കാം.

2016 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.വോക് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 10 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**